# പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.3617 11/12/2018-ൽ മറുപടിക്ക്

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് വിഭാഗം

| ചോദ്യം | മറുപടി |
| --- | --- |
| **(ശ്രീ. മഞ്ഞളാംകുഴി അലി)** | **എ.സി. മൊയ്തീൻ**<br>(ബഹു. തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ) |
| (എ) തദ്ദേശ സ്വയം ഭരണ വകുപ്പിൽ ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് വിഭാഗം ഡിവിഷൻ അടിസ്ഥാനത്തിൽ മാത്രമായതിനാൽ ഗ്രാമ- ബ്ലോക്ക് - ജില്ലാ പഞ്ചായത്തുകളിലെ മുഴുവൻ പ്രവൃത്തികളുടേയും എസ്റ്റിമേറ്റ് സമയബന്ധിതമായി തയ്യാറാക്കുന്നതിനും പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനും കഴിയാത്ത സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി സിവിൽ വർക്കുകൾ പൂർത്തിയായിക്കഴിഞ്ഞ ശേഷമായിരിക്കും പലപ്പോഴും ഇലക്ട്രിക്കൽ വർക്കിന്റെ എസ്റ്റിമേറ്റ് പോലും തയ്യാറാക്കുന്നതെന്നതാണ് പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കുന്നതിന് തടസ്സമാകുന്നതെന്നത് ഗൗരവമായി കാണുന്നുണ്ടോ; | (ബി) ഇത്തരം ഒരു സാഹചര്യം പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിൽ വലിയം തടസ്സം സൃഷ്ടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) എങ്കിൽ സിവിൽ വർക്കിന്റെ എസ്റ്റിമേറ്റിനോടൊപ്പം തന്നെ ഇലക്ട്രിക്കൽ വർക്കിന്റേയും എസ്റ്റിമേറ്റ് യഥാസമയം തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലെ ഇലക്ട്രിക്കൽ പ്രവർത്തികളുടെ സുഗമമായ നടത്തിപ്പിന് സാങ്കേതികാനുമതി നൽകുന്നതിനുള്ള പരിധി കുറവായത് ശ്രദ്ധയിൽപ്പെട്ടതിനാൽ, സാങ്കേതികാനുമതി നൽകുന്നതിനും മറ്റും ജില്ലാതലത്തിൽ |

രൂപീകരിച്ചിട്ടുള്ള കമ്മിറ്റിക്ക് 20 ലക്ഷം രൂപ വരെയുള്ള പ്രവർത്തികൾക്ക് സാങ്കേതികാനുമതി നൽകാൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. തൻമൂലം തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലെ ഇലക്ട്രിക്കൽ പ്രവർത്തികളുടെ നിർവ്വഹണം തടസ്സം കൂടാതെ നടപ്പിലാക്കി വരികയാണ്.

(ഡി) ഇലക്ട്രിക്കൽ വർക്കുകൾ പൂർത്തീകരിക്കാത്തതു കൊണ്ട് മാത്രം പ്രവൃത്തി പൂർത്തീകരിക്കാനാകാത്ത എത്ര കെട്ടിടങ്ങൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് കീഴിലുണ്ടെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിന് നടപടി സ്വീകരിക്കുമോ;

(ഡി) ഇല്ല; നടപടി സ്വീകരിക്കാവുന്നതാണ്.

(ഇ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് വിഭാഗം കാര്യക്ഷമമാക്കുന്നതിന് ബ്ലോക്ക് അടിസ്ഥാനത്തിൽ ഒരു ഇലക്ട്രിക്കൽ എഞ്ചിനീയറെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(ഇ) ബ്ലോക്ക് തലത്തിൽ ഇലക്ട്രിക്കൽ എഞ്ചിനീയർമാരെ നിയമിക്കുന്ന കാര്യം ഇപ്പോൾ സർക്കാർ പരിഗണനയിൽ ഇല്ല..

**സെക്ഷൻ ഓഫീസർ**